**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.ജോസ്.പി.ഐ -യുടെ കില-സി.എച്ച്.ആർ.ഡി-യിൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.2185/2018/തസ്വഭവ. തിരുവനന്തപുരം, തീയതി, 08.08.2018.

പരാമർശം:- 1) 06.08.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2423/15/ തസ്വഭവ
2) 23.08.2017 ലെ സ.ഉ.(സാധാ) നം.2884/2017/തസ്വഭവ
3) 10.05.2013 ലെ സർക്കുലർ നമ്പർ. 42/2013/ധന
4) 28.11.2013 ലെ സ.ഉ. (പി) നം. 580/2013/ധന
5) 21.07.2018 ലെ ഗ്രാമവികസന കമ്മീഷണറുടെ 11239/എസ്റ്റാ.സി3/2018/ സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കില-സി.എച്ച്.ആർ.ഡി-യിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിതനായി തുടർന്നു വരുന്ന ഗ്രാമവികസന വകുപ്പിലെ ഹെഡ് അക്കൗണ്ടന്റായ ശ്രീ.ജോസ്.പി.ഐ-യുടെ അന്യത്ര സേവന കാലാവധി പരാമർശം (2) പ്രകാരം 18.08.2018 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിരുന്നു.

2) ശ്രീ.ജോസ്.പി.ഐ-യുടെഅന്യത്ര സേവന കാലാവധി 18.08.2018-ന് അവസാനിക്കുകയാണെന്നും ആയത് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു കില-സി.എച്ച്.ആർ.ഡി-യിൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന ശ്രീ.ജോസ്.പി.ഐ.-യുടെ (ഹെഡ് അക്കൗണ്ടന്റ്, ഗ്രാമവികസന വകുപ്പ്) അന്യത്ര സേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം 1 ചട്ടം 140 (C) യിലെ വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 19.08.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി. എം.ആർ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.
റീജിയണൽ ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി., കൊട്ടാരക്കര.
ശ്രീ.ജോസ്.പി.ഐ., ഹെഡ് അക്കൗണ്ടന്റ്, ഗ്രാമവികസന വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ./ഇ.ആർ.എസ്.എ.), കേരള, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Mijulal

സെക്ഷൻ ഓഫീസർ